പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1294 10/08/2017 ൽ മറുപടിയ്ക്ക്

# റീസർവ്വേ നടപടികൾ പൂർത്തിയാകാത്ത സാഹചര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 1965-ൽ ആരംഭിച്ച റീസർവ്വേ നടപടികൾ 52 വർഷം പിന്നിട്ടിട്ടും പൂർത്തിയാകാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്ത് പകുതി വില്ലേജുകളിൽ പോലും ഇനിയും റീസർവ്വേ നടപടികൾ പൂർത്തിയായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 885 വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായിട്ടുണ്ട്. |
| (സി) റീസർവ്വേ പൂർത്തിയായവയിൽ തന്നെ ഇതു സംബന്ധിച്ച് ലഭിച്ച പരാതികളുടെ ബാഹുല്യം പരിശോധിച്ചിട്ടുണ്ടോ; | (സി) റീസർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് സർവ്വേ അതിരടയാള ആക്ട് സെക്ഷൻ 9(2) പ്രസിദ്ധപ്പെടുത്തി റിക്കാർഡുകൾ ഭൂവുടമകൾക്ക് പരിശോധനയ്ക്കായി പ്രദർശിപ്പിക്കുകയും ആക്ഷേപമുള്ള പക്ഷം അവർ നൽകുന്ന എ.എൽ.സി. അപേക്ഷകൾ പരിശോധിച്ച് നിയമാനുസൃതമായി നടപടികൾ പൂർത്തിയാക്കി പരാതി രഹിത റിക്കാർഡുകളാണ് അന്തിമമാക്കി റവന്യൂ ഭരണത്തിന് കൈമാറുന്നത്. റിക്കാർഡ് പ്രദർശന വേളയിൽ പരിശോധിക്കാത്ത റിക്കാർഡുകളിൽ ചില അപാകതകൾ ഉണ്ടാകാറുണ്ട്. എന്നാൽ എൽ. ആർ.എം. സംവിധാനത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ എല്ലാം റീസർവ്വേ അപാകതകൾ അല്ല. പുതിയ സബ്ഡിവിഷൻ, പേര് മാറ്റം, പോയിന്റിംഗ് ഔട്ട് ബൗണ്ടറി, കോർട്ട് കേസ് എന്നിവയും ഇവയിൽ ഉൾപ്പെടുന്നുണ്ട്. |
| (ഡി) കാലഹരണപ്പെട്ട സംവിധാനങ്ങളാണ് നടപടികളുടെ പൂർത്തീകരണത്തിന് തടസ്സമെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | (ഡി) നിലവിൽ ആധുനിക സർവ്വേ ഉപകരണങ്ങളുടെ സഹായത്താലാണ് റീസർവ്വേ നടപടികൾ നടത്തി വരുന്നത്. ഇതിനായി WGS 84 എന്ന കോർഡിനേറ്റ് സിസ്റ്റവും, ആധുനിക സർവ്വെ ഉപകരണങ്ങളായ GPS, ETS എന്നിവയും ഉപയോഗിച്ച് കൃത്യതയോടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

| | |
|---|---|
| (ഇ) എങ്കിൽ അന്തിമ തീരുമാനത്തിനുള്ള അധികാരം സർക്കാരിൽ നിലനിർത്തി ആധുനിക ഉപകരണങ്ങളുടെ സൗകര്യത്തോടെ ഓരോപ്രദേശത്തും സർവ്വേ നടത്തുന്നതിന് സ്വകാര്യ ഏജൻസികളെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഇ) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ